**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 395** **01-11-2021 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിലേതുൾപ്പെടെ എല്ലാതരം തൊഴിലവസരങ്ങളെയും വിദ്യാഭ്യാസ അവസരങ്ങളെയും ഏകോപിപ്പിക്കുന്ന സംവിധാനമായി എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ മാറ്റുവാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിലേതു ഉൾപ്പെടെ എല്ലാത്തരം തൊഴിലവസരങ്ങളും അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് വകുപ്പിൽ എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുന്നതിനായി കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കാൻ എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (ബി) | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ വകുപ്പിൽ ആരംഭിക്കുകയും ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ കണ്ടെത്തി ആവശ്യമായ പരിശീലനങ്ങൾ നൽകി അവർക്കനു യോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളായി എംപ്ലോയബിലിറ്റി സെന്ററുകൾ മാറിയിട്ടുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ ഉദ്യോഗാർത്ഥി കൾക്ക് ലഭ്യമാക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന ജോബ്ഡ്രൈവുകളും സംഘടിപ്പിച്ചു വരുന്നു. |
| (സി) | പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിശദമാക്കാമോ? | (സി) | മെഡിസിൻ, പാരാമെഡിസിൻ, നിയമം, അഗ്രിക്കൾച്ചർ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ സാങ്കേതികവിഷയങ്ങളിൽ ബിരുദമുള്ളവർക്കും, മറ്റ് വിഷയങ്ങളിൽ ചുരുങ്ങിയത് രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദമുള്ളവർക്കും |

| | | | |
|---|---|---|---|
| | | | പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഡിപ്ലോമക്കാർക്കും തൊഴിൽസഹായം നൽകുവാൻ തിരുവനന്തപുരത്ത് ഒരു പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും എറണാകുളത്തും കോഴിക്കോട്ടും ഓരോ മേഖല (റീജിയണൽ) പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസും പ്രവർത്തിച്ച വരുന്നു. ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് ഹാജരായോ www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായോ രജിസ്ട്രേഷനായി അപേക്ഷിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷിക്കുന്നവർ തൊണ്ണൂറ് ദിവസ ത്തിനകം അസ്സൽ സർട്ടിഫിക്കറ്റുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്ത് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുന്ന പക്ഷം ഓൺലൈനായി അപേക്ഷിച്ച തീയതി മുതലുള്ള സീനിയോറിററി ലഭിക്കുന്നതാണ്. പ്രൊഫഷണൽ യോഗ്യതകൾ/ തത്തുല്യ യോഗ്യതകൾ ആവശ്യമായിട്ടുള്ള തസ്തികകൾക്ക് സീനിയോറിറ്റി, സബ്മിഷൻ നിയമങ്ങൾക്ക് അനുസൃതമായി ഉദ്യോഗാർത്ഥികളെ നാമനിർദേശം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ